**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **08-10-2021 - ൽ മറുപടിയ്ക്ക്**

**റബ്ബറിന് വിലസ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യാന്തര വിപണിയിൽ നിന്നും റബ്ബർ ഇറക്കുമതി കുറഞ്ഞിട്ടും ആഭ്യന്തര വിപണിയിൽ റബറിന്റെ വില ഇടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റബ്ബർ ബോർഡിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ റബ്ബർ ഇറക്കുമതി ഈ വർഷം അധികരിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ റബ്ബറിന് അന്താരാഷ്ട്ര വിപണി വിലയേക്കാൾ ആഭ്യന്തര വിപണിയിൽ വില ലഭിച്ചതായും റബ്ബർ ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. |
| (ബി) | എങ്കിൽ ഇപ്രകാരം വിലത്തകർച്ച ഉണ്ടാകുന്ന സാഹചര്യത്തിൽ വിലസ്ഥിരത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കി റബ്ബർ കർഷകരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കേരള സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ സബ്സിഡി തുക 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ